# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം * 333 24.06.2014- ൽ മറുപടിക്ക്

## കൈത്തറി വ്യവസായത്തെ സംരക്ഷിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.കുഞ്ഞിരാമൻ(ഉദുമ)<br>ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ.കെ.കെ.നാരായണൻ<br>ശ്രീ.സി.കൃഷ്ണൻ | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) കൈത്തറി വ്യവസായത്തെ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് പ്രസ്തുത മേഖലയിലെ ട്രേഡ് യൂണിയനുകൾ നൽകിയ നിവേദനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) നിവേദനത്തിൽ ഉന്നയിച്ച പ്രധാന ആവശ്യങ്ങൾ എന്തൊക്കെയായിരുന്നു; ഇവയോടുള്ള സർക്കാർ നിലപാടും നടപടികളും വിശദമാക്കാമോ; | (ബി) നിവേദനത്തിൽ ഉന്നയിച്ച പ്രധാന ആവശ്യങ്ങളും അതിൽ സർക്കാർ സ്വീകരിച്ച നടപടികളെയും സംബന്ധിക്കുന്ന വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) കൈത്തറി വ്യവസായത്തെക്കുറിച്ച് ആലോചിക്കുന്നതിനുള്ള അഡ്വൈസറി കമ്മിറ്റി മീറ്റിംഗ് ചേരാറുണ്ടോ; എങ്കിൽ അവസാനമായി ചേർന്നത് എന്നാണെന്ന് വിശദമാക്കാമോ ; | (സി) ഉണ്ട്. അവസാനമായി അഡ്വൈസറി കമ്മിറ്റി യോഗം ചേർന്നത് 05.05.2010 ലാണ്. 11.11.2013 ൽ യോഗം ചേരുവാൻ നിശ്ചയിച്ചിരുന്നുവെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ ടി യോഗം മാറ്റി വെച്ചു. ഉടൻ തന്നെ യോഗം ചേരുന്നതിനുള്ള നിർദ്ദേശം നൽകുന്നതാണ്. |

| | |
|---|---|
| (ഡി) കൈത്തറി സഹകരണ സംഘങ്ങൾ ബാങ്കുകളിൽ നിന്നും ക്യാഷ് ക്രഡിറ്റ് വാങ്ങുമ്പോൾ നൽകേണ്ട പലിശ 4% ആക്കണമെന്നതിൽ നിലപാട് വ്യക്തമാക്കുമോ? | (ഡി) കേന്ദ്ര സർക്കാരിന്റെ റിവൈവൽ, റീഫോം ആന്റ് റീസ്ട്രക്ചറിംഗ്(ആർ.ആർ.ആർ) പാക്കേജ് നടപ്പിലാക്കിയതിനു ശേഷമുള്ള പുതിയ വായ്പകൾക്ക് 7% പലിശ സബ്സിഡിയായി കേന്ദ്ര സർക്കാർ നൽകുന്നുണ്ട്. ബാങ്ക് 13% പലിശ ചുമത്തിയാൽ പോലും സംഘങ്ങൾക്ക് 6% പലിശ മാത്രമേ ബാധകമാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

അനുബന്ധം

കൈത്തറി വ്യവസായത്തെ സംരക്ഷിക്കുന്നതിനായി ട്രേഡ് യൂണിയനുകൾ നൽകിയ നിവേദനത്തിലെ ആവശ്യങ്ങളും അവയിൽ സർക്കാർ സ്വീകരിച്ച നടപടികളും നിലപാടും സംബന്ധിച്ച വിവരങ്ങൾ

| **നിവേദനത്തിലെ പ്രധാന ആവശ്യങ്ങൾ** | **സ്വീകരിച്ച നടപടികളും/ നിലപാടുകളും** |
|---|---|
| 1) 3884 കോടി രൂപയുടെ റിവൈവൽ, റീഫോം ആന്റ് റീസ്ട്രക്ച്ചറിംഗ് (ആർ.ആർ.ആർ) പാക്കേജ് ആനുകൂല്യം കടക്കെണിയിൽപ്പെട്ട എല്ലാ സംഘങ്ങൾക്കും, ഹാന്റക്സിനും ഹാൻവീവിനും കിട്ടുന്നതിനുള്ള നടപടി സ്വീകരിക്കണം | ഒന്നാം ഘട്ടത്തിൽ അർഹമായ സംഘങ്ങൾക്ക് ഈ പാക്കേജിന്റെ ആനുകൂല്യം ലഭിക്കുകയുണ്ടായി. മൊത്തം 27.92 കോടി രൂപ കൊടുക്കുകയുണ്ടായി. രണ്ടാം ഘട്ടത്തിൽ 233 സംഘങ്ങൾക്ക് ആനുകൂല്യം ലഭിക്കും. ഹാന്റക്സിനും ആനുകൂല്യം ലഭിക്കും. നബാർഡ് സ്പെഷ്യൽ ഓഡിറ്റ് നടത്തി സ്റ്റേറ്റ് ലെവൽ ഇംപ്ലിമെന്റിംഗ് & മോണിട്ടറിംഗ് കമ്മിറ്റി പരിശോധിച്ച് 233 സംഘങ്ങൾക്കുമായി 180.72 കോടി രൂപ കേന്ദ്ര സഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്. ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള സംസ്ഥാന വിഹിതത്തിൽ 34.58 കോടി രൂപ നബാർഡിന് നൽകി കഴിഞ്ഞു. ബാക്കി 4.75 കോടി രൂപ നൽകുന്നതിനും നടപടി സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്. കേന്ദ്ര വിഹിതം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഇത് കൂടി ലഭിച്ചാൽ രണ്ടാംഘട്ടവും നടപ്പാക്കുന്നതാണ്. |
| 2) ഇൻകം സപ്പോർട്ട് സ്കീം പ്രകാരം 10 കോടി രൂപ 2010-2011 ൽ അനുവദിച്ചതിൽ 3.98 കോടി രൂപ മാത്രമേ വിതരണം ചെയ്തൊള്ളൂ. ഇൻകം സപ്പോർട്ട് തുക ഉയർന്ന ജീവിത സാഹചര്യം കണക്കിലെടുത്ത് 150 രൂപയിൽ നിന്ന് 300 രൂപയായി ഉയർത്തണം. വർഷത്തിൽ 100 ദിവസം എന്നത് 240 ദിവസമാക്കി ഉയർത്തണം. | ഇൻകം സപ്പോർട്ട് സ്കീം അനുസരിച്ച് 9,78,44,502/- രൂപ വിതരണം ചെയ്തു കഴിഞ്ഞു. 2014-15 വർഷത്തേയ്ക്ക് കുടിശ്ശിക തീർക്കാനുൾപ്പെടെ 5,85,35,000/- രൂപ ആവശ്യമുണ്ട്. 5,85,35,000/- രൂപ ലഭ്യമാക്കുന്നതിന് തൊഴിൽ വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഈ പദ്ധതിക്കുള്ള ഫണ്ട് അനുവദിക്കുന്നത് തൊഴിൽ വകുപ്പാണ്. അതുകൊണ്ട് തൊഴിൽ വകുപ്പിന്റെ |

| | |
|---|---|
| | അനുമതിയോടുകൂടിയേ 150 രൂപയിൽ നിന്നും 300 രൂപയാക്കാനും 100 ദിവസം എന്നത് 240 ദിവസമാക്കാനും സാധിക്കുകയുള്ളൂ. |
| 3)2010-ൽ പ്രസിദ്ധീകരിച്ച കൈത്തറി പുനരുദ്ധാരണ കമ്മിറ്റി നിർദ്ദേശങ്ങൾ നടപ്പിലാക്കുക | മിക്ക ശുപാർശകളും നടപ്പിലാക്കി കഴിഞ്ഞു. |
| 4)റിബേറ്റ് കുടിശ്ശിക വരുത്താതെ കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. | മൊത്തം 4.4 കോടി രൂപയാണ് ഈ സാമ്പത്തികവർഷം ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. റിബേറ്റ് പാസ്സാക്കിയതിൽ കുടിശ്ശിക കൊടുക്കുവാനുള്ളത് 63,98,235/- രൂപയാണ്. എന്നാൽ റിബേറ്റ് അപേക്ഷ പാസ്സാക്കാനുള്ളതും, ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ അർഹത പരിശോധിച്ച് വരുന്നതുമായ അപേക്ഷകൾ പ്രകാരം ഏകദേശം ഏഴ് കോടി എൺപതു ലക്ഷം രൂപ കൂടി റിബേറ്റ് കുടിശ്ശികയായി വരും. എന്നാൽ അപേക്ഷ പരിശോധിച്ച ശേഷമേ അർഹതപ്പെട്ട തുക എത്രയെന്ന് കൃത്യമായി നിശ്ചയിക്കാൻ കഴിയൂ. ബഡ്ജറ്റ് പ്രസംഗത്തിൽ 7 കോടി രൂപ അധികമായി അനുവദിക്കുമെന്ന് പ്രഖ്യാപിച്ചതനുസരിച്ച് ആ തുക ഉപധനാഭ്യർത്ഥന മുഖാന്തിരം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 5) മുഴുവൻ കൈത്തറി തൊഴിലാളികളേയും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുക. | മുൻപ് നിലനിന്നിരുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി കേന്ദ്ര സർക്കാർ കഴിഞ്ഞ വർഷം മുതൽ നിർത്തലാക്കി. പകരം ആർ.എസ്.ബി.വൈ എന്ന പദ്ധതിയിൽ എല്ലാ നെയ്ത്തുകാരേയും ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | |
|---|---|
| 6) കൈത്തറി അഡ്വൈസറി കമ്മിറ്റി വിളിച്ച് ചേർക്കുക. | 11.11.2013-ൽ കൂടുവാൻ നിശ്ചയിച്ചിരുന്ന കൈത്തറി അഡ്വൈസറി കമ്മിറ്റി യോഗം ചില സാങ്കേതിക കാരണങ്ങളാൽ മാറ്റി വെയ്ക്കുകയുണ്ടായി. ഉടൻ തന്നെ യോഗം ചേരുന്നതിനുള്ള നിർദ്ദേശം നൽകുന്നതാണ്. |
| 7) സംഘങ്ങളുടെ ക്യാഷ് ക്രഡിറ്റ് പലിശ നിരക്ക് 4% ആയി കുറയ്ക്കുക. തുടർന്നുള്ളത് ഷെയർ ആക്കി മാറ്റുക. | കേന്ദ്രസർക്കാരിന്റെ ആർ.ആർ.ആർ. പാക്കേജനുസരിച്ച് പുതിയ ലോണിന് 7% ഇന്ററസ്റ്റ് സബ്‌വേർഷൻ (ഇന്ററസ്റ്റ് സബ്സിഡി) അനുവദിക്കുന്നുണ്ട്. അതു പോലെ നെയ്ത്തുകാർക്ക് സ്വന്തമായി നെയ്ത്ത് നടത്തുന്നതിനു വേണ്ടി ഉപകരണങ്ങൾ വാങ്ങുന്നതിനും, വർക്കിംഗ് ക്യാപ്പിറ്റലിനു വേണ്ടിയും വീവേഴ്സ് ക്രഡിറ്റ് കാർഡ് എന്ന കേന്ദ്ര സർക്കാരിന്റെ പദ്ധതിയുണ്ട്. 2 ലക്ഷം രൂപ വരെയാണ് ഒരു നെയ്ത്തുകാരന് പരാമവധി ലഭിക്കുന്നത്. ഈ ലോണിനും 7% ഇന്ററസ്റ്റ് സബ്‌വേർഷൻ (ഇന്ററസ്റ്റ് സബ്സിഡി) കേന്ദ്ര സർക്കാർ നൽകുന്നുണ്ട്. ഈ വർഷം ഏകദേശം 5000 നെയ്ത്തുകാർക്ക് വീവേഴ്സ് ക്രെഡിറ്റ് കാർഡ് നൽകാൻ പദ്ധതിയുണ്ട്. |
| 8) കടക്കെണിയിൽപെട്ട സംഘങ്ങൾക്ക് പലിശ രഹിത വായ്പ നൽകുക. | ആർ.ആർ.ആർ പാക്കേജ് നടപ്പാക്കുന്നത് വഴി സംഘങ്ങൾക്കു 31.03.2010 ലെ കുടിശ്ശികയായ വായ്പയുടെ 100%വും 25% പലിശയും (എൻ.പി.എ. അതിനു മുമ്പാണെങ്കിൽ അതു വരെയുള്ള 25% പലിശ) ഒഴിവാക്കുന്നതാണ്. ഈ സംഘങ്ങൾക്ക് പുതുതായി എടുക്കുന്ന വായ്പയ്ക്ക് 7% പലിശ സബ്സിഡി കേന്ദ്ര സർക്കാർ നൽകുന്നുണ്ട്. |

| | |
|---|---|
| 9)പി.എഫ്/ഇ.എസ്.ഐ ബാധകമായ കൈത്തറി സംഘങ്ങൾക്ക് വിഹിതം അടയ്ക്കുവാൻ കഴിയാത്തതിനാൽ ആയത് അടയ്ക്കുവാനുള്ള സഹായം നൽകുക | നിലവിൽ ടി സഹായം നൽകുന്നതിന് കൈത്തറി സംഘങ്ങളുടെ പുനരുദ്ധാരണ പദ്ധതിയുള്ളതും സഹായം നൽകി വരുന്നതുമാണ്. |
| 10) സഹകരണ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥ ഏകീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക. | പ്രൈമറി കൈത്തറി സംഘങ്ങളിൽ സേവന വേതന വ്യവസ്ഥകൾ ഏകീകരിക്കുമ്പോൾ വരുന്ന അധിക ബാദ്ധ്യത മിക്ക സംഘങ്ങൾക്കും താങ്ങാനാവില്ല. അതു കൊണ്ട് ഇതു നടപ്പിലാക്കുവാൻ ബുദ്ധിമുട്ടുണ്ട്. |
| 11) കൈത്തറി തൊഴിലാളികളെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ പട്ടികയിൽ ഉൾപ്പെടുത്തി 1 രൂപയ്ക്ക് അരി കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. | കൈത്തറി മേഖലയെ സംബന്ധിച്ച് സമഗ്രമായ സർവ്വേ നടന്നുകൊണ്ടിരിക്കുകയാണ്. സർവ്വേ പൂർത്തിയായി കഴിഞ്ഞാൽ മാത്രമേ ദാരിദ്ര്യ രേഖയ്ക്ക് താഴെ എത്ര കൈത്തറി കുടുംബങ്ങൾ ഉണ്ടെന്ന് കണക്കാക്കാൻ കഴിയുകയുള്ളൂ. അതിനുശേഷമേ ഒരു തീരുമാനം എടുക്കാൻ സാധിക്കുകയുള്ളൂ. ഇക്കാര്യത്തിൽ ഭക്ഷ്യ വകുപ്പിന്റെയും ധനകാര്യവകുപ്പിന്റേയും തീരുമാനം കൂടി ആവശ്യമാണ്. |
| 12) ആഴ്ചയിൽ 2 ദിവസം സർക്കാർ ജീവനക്കാരും അദ്ധ്യാപകരും കൈത്തറി വസ്ത്രം ധരിക്കണമെന്ന തീരുമാനം നടപ്പിലാക്കുക | ആഴ്ചയിൽ ബുധനാഴ്ച ദിവസം കൈത്തറി/ഖാദി വസ്ത്രം ധരിക്കണമെന്ന് അഭ്യർത്ഥിച്ച കൊണ്ട് നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. |
| 13) കൈത്തറി തൊഴിലാളികളുടെ പെൻഷൻ 1000 രൂപയായി വർദ്ധിപ്പിക്കുക. | ഈ വിഷയത്തിൽ തൊഴിൽ വകുപ്പ് തീരുമാനം എടുക്കുന്നതാണ്. |
| 14) 8-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് സൗജന്യമായി കൈത്തറി വസ്ത്രം നൽകുക. | കഴിഞ്ഞ വർഷം സർക്കാർ ഉത്തരവ് (കൈ)നം.298/2013/പൊ.വി തീയതി 19.11.2013 അനുസരിച്ച് സർക്കാർ സ്കൂളുകളിലേയും എയ്ഡഡ് സ്കൂളുകളിലേയും 1 മുതൽ 8 വരെ |

| | |
|---|---|
| | ക്ലാസ്സുകളിലെ, ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ള ആൺകുട്ടികൾ ഒഴികെയുള്ള, എല്ലാ വിദ്യാർത്ഥികൾക്കും ഒരു ജോഡി യൂണിഫോമിന് തയ്യൽ കൂലി അടക്കം 200 രൂപ നിരക്കിൽ ഒരു കുട്ടിയ്ക്ക് 2 ജോഡി യൂണിഫോം തുണി വാങ്ങുവാൻ അനുവാദം നൽകിയിരുന്നു. |

**സെക്ഷൻ ഓഫീസർ**